പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

കുട്ടികളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന ആശാസ്യകരമല്ലാത്ത സ്വഭാവ വ്യതിയാനങ്ങൾക്ക് പരിഹാരം കാണുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് ഒ.ആർ.സി. ഈ പദ്ധതിയുടെ അടിസ്ഥാനതലം സ്കൂളുകളാണ്. കേരളത്തിലെ 14 ജില്ലകളിലും ഒ.ആർ.സി. പദ്ധതി വ്യാപിപ്പിക്കാൻ തീരുമാനമായിട്ടുണ്ട്. കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ തെരഞ്ഞെടുക്കപ്പെട്ട 10 സ്കൂളുകളിലേയ്ക്കും കൊല്ലം ജില്ലയിൽ 7-ഉം മറ്റ് ജില്ലകളിൽ 5 വീതവും സ്കൂളുകളിൽ പ്രഥമ ഘട്ടത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടിയെടുത്തു വരുന്നു. രൂക്ഷമായ സ്വഭാവ വ്യതിയാനം സംഭവിച്ചിട്ടുള്ള ചില കുട്ടികളെ മെന്ററിംഗിലൂടെയും കൗൺസിലിംഗിലൂടെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി ഒ.ആർ.സി. റിസോഴ്സ് സെന്റർ ജില്ലാതലത്തിൽ പ്രവർത്തന സജ്ജമാക്കിവരുന്നു. ജില്ലാകളക്ടർമാരുടെയും ബന്ധപ്പെട്ട മറ്റ് വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ ഒ.ആർ.സി. പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിവരുന്നു.

ആഗോള പ്രവാസി മലയാളി സംഗമം

11 (*281) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആഗോള പ്രവാസി മലയാളി സംഗമം സംഘടിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) സംഗമത്തിൽ സംസ്ഥാനം എന്തെല്ലാം കാര്യങ്ങളാണ് അവതരിപ്പിച്ചിട്ടുള്ളത് ;

(സി) സംഗമത്തിൽ എന്തെല്ലാം വിഷയങ്ങളാണ് ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത് ;

(ഡി) പ്രസ്തുത ചർച്ചകളിന്മേൽ എന്തെല്ലാം തുടർനടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

LIBRARY ARCHIVES Kerala Legislative Assembly

(എ) 2015 ജനുവരി 16, 17 തീയതികളിൽ ആഗോള പ്രവാസി മലയാളി സംഗമം കൊച്ചിയിൽ സംഘടിപ്പിക്കുകയുണ്ടായി.

(ബി) ആഗോള പ്രവാസി മലയാളി സംഗമത്തിൽ പ്രവാസി മലയാളികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്തു.

പ്രവാസി മലയാളികളുടെ ലോകം - പ്രശ്നങ്ങൾ, വെല്ലുവിളികൾ, അവസരങ്ങൾ, ഗൾഫ്, യൂറോപ്പ് ആന്റ് അമേരിക്ക എന്നീ പ്രത്യേക സെഷനുകളിൽ പ്രവാസി വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ, പ്രവാസികൾക്ക് അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ നിക്ഷേപിക്കുവാനുള്ള അവസരങ്ങൾ, മലയാളവും കേരള സംസ്കാരവും: പ്രവാസി മലയാളിക്ക് മേലുള്ള സ്വാധീനം, പ്രവാസി ക്ഷേമത്തിന് സമൂഹത്തിന്റെ പങ്ക് തുടങ്ങിയ വിഷയങ്ങൾ സെഷൻ അടിസ്ഥാനത്തിൽ വിശദമായ ചർച്ചയ്ക്കായി സർക്കാർ മുന്നോട്ട് വച്ചിരുന്നു. കൂടാതെ വിവിധ പ്രവാസി സംഘടനകളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ഇന്ററാക്ടീവ് സെഷനും സംഗമത്തിലെ പ്രതിനിധികളുടെ തുറന്ന അഭിപ്രായത്തിന് വേദി ഒരുക്കിക്കൊണ്ട് മുഖ്യമന്ത്രിയും നോർക്ക വകുപ്പുമന്ത്രിയും പങ്കെടുത്ത ഓപ്പൺ ഫോറവും സംഘടിപ്പിച്ചിരുന്നു.

(സി) മുകളിൽ അവതരിപ്പിച്ച വിഷയങ്ങൾ കൂടാതെ ഇന്ത്യയ്ക്കകത്തും പുറത്തും താമസിക്കുന്ന പ്രവാസികളുടെ വിവിധ വിഷയങ്ങളും സംഗമത്തിൽ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. പ്രവാസി മലയാളികളുടെ കുടുംബം നാട്ടിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, അവരുടെ സ്വത്തും ആസ്തികളും സംബന്ധിച്ച പ്രശ്നങ്ങൾ, പ്രവാസികളുടെ യാത്രാ സൗകര്യം സംബന്ധിച്ച വിഷയം, പ്രവാസികൾക്ക് ലഭ്യമാക്കേണ്ട സഹായങ്ങൾ സംബന്ധിച്ച വിഷയം, ഔപചാരിക വിദ്യാഭ്യാസമില്ലാത്ത പ്രവാസി മലയാളികൾക്ക് നൈപുണ്യ സർട്ടിഫിക്കറ്റ് നൽകുന്ന വിഷയം തുടങ്ങിയവയാണ് അവയിൽ പ്രധാനപ്പെട്ടവ.

(ഡി) ആഗോള പ്രവാസി മലയാളി സംഗമത്തിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ നോർക്ക വകുപ്പുമന്ത്രി നടത്തിയ പ്രഖ്യാപനങ്ങളും അവയിന്മേൽ സ്വീകരിച്ച തുടർ നടപടികളും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

നഗരവികസന പദ്ധതികൾ

12 (*282) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly